3. സബ് സ്റ്റേഷൻ അസിസ്റ്റന്റ്
4. എ. സി. പ്ലാന്റ് അസിസ്റ്റന്റ്
5. ടിക്കറ്റ് കൗണ്ടർ അസിസ്റ്റന്റ്
6. വർക്ക്ഷോപ്പ് അറ്റന്റർ
7. റിസപ്ഷനിസ്റ്റ്
8. ഡ്രൈവർ.

(ബി) സർക്കാർ അനുമതിയോടെ മ്യൂസിയത്തിന്റെ ഗവേണിംഗ് ബോഡി സൃഷ്ടിക്കുന്ന തസ്തികകളിൽ എക്സിക്യൂട്ടീവ് കമ്മിറ്റിയാണ് നിയമനം നടത്തുന്നത്. പത്രപരസ്യം നൽകി ടെസ്റ്റ്/ഇന്റർവ്യൂ നടത്തിയാണ് നിയമനം നടത്താറുള്ളത്.

(സി) ഇല്ല.

(ഡി, ഇ, എഫ് ആന്റ് ജി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

റിപ്രോഗ്രാഫിക് സെന്ററിൽ സർട്ടിഫിക്കറ്റ് നൽകുന്നതിൽ അനാസ്ഥ

128 [3018] ശ്രീ. തോമസ് ഉണ്ണിയാടൻ :
,, ജോസഫ് എം. പുതുശ്ശേരി :
,, സ്റ്റീഫൻ ജോർജ് :
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ സ്റ്റേറ്റ് ഓഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിന്റെ കീഴിൽ എത്ര ട്രെയിനിംഗ് സെന്ററുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ടി ട്രെയിനിംഗ് സെന്ററുകളിൽ കമ്പ്യൂട്ടർ പഠനത്തിനായി നിലവിൽ എത്ര കോഴ്സുകളാണ് ഉള്ളത്;

(സി) പ്രസ്തുത ട്രെയിനിംഗ് സെന്ററുകളിൽ പരിശീലനം നേടുന്നവർക്ക് യഥാസമയം പരീക്ഷ നടത്തി സർട്ടിഫിക്കറ്റ് നൽകുന്ന കാര്യത്തിൽ അധികൃതരുടെ ഭാഗത്തുനിന്നും അനാസ്ഥയുണ്ടെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് പരിഹാരമുണ്ടാക്കുമോ?

ഉത്തരം

(എ) 16

(ബി) 19

LIBRARY ARCHIVES Kerala Legislative Assembly

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. യഥാസമയം പരീക്ഷകൾ നടത്തി കൃത്യ സമയത്ത് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതിനുള്ള നിർദ്ദേശം സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.

ഓഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിനെ സംരക്ഷിക്കാൻ നടപടി

129 [3019] ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ സ്റ്റേറ്റ് ഓഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്റർ എന്ന സ്ഥാപനത്തിന്റെ നിയന്ത്രണം സർക്കാരിന്റെ കീഴിലാണോ;

(ബി) ഇപ്പോൾ ഈ സ്ഥാപനത്തിന്റെ സ്ഥിതി വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ എൽ. ഡി. എഫ്. ഗവൺമെന്റിന്റെ കാലത്ത് പ്രസ്തുത സ്ഥാപനത്തിന് പ്ലാൻ ഫീസിനത്തിലും ഗ്രാന്റായും എത്ര തുക ഓരോ സാമ്പത്തിക വർഷവും അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ; യു. ഡി. എഫ്. ഗവൺമെന്റ് നൽകിയ തുകയും വ്യക്തമാക്കാമോ;

(ഡി) ഈ സ്ഥാപനത്തിന്റെ നടത്തിപ്പ് സംബന്ധിച്ച് എന്തെല്ലാം പദ്ധതികളാണ് സർക്കാരിന്റെ മുമ്പിലുള്ളത്;

(ഇ) സർക്കാർ പ്രസിദ്ധീകരണങ്ങളുടെ അച്ചടി ജോലികൾ ഗവൺമെന്റ് പ്രസ്സിന് പുറമെ ഇവിടെയും നൽകിയാൽ ഈ സ്ഥാപനം ലാഭകരമാക്കുന്നതിനും സ്ഥാപനത്തെ നിലനിർത്താനും ജീവനക്കാരെ സംരക്ഷിക്കാനും കഴിയുമെന്ന് കരുതുന്നുണ്ടോ;

(എഫ്) എങ്കിൽ ഇത്തരം ഒരു നടപടിയെ സംബന്ധിച്ച് ആലോചിച്ചിട്ടുണ്ടോ?

ഉത്തരം

(എ) സർക്കാർ നിയന്ത്രണത്തിലുള്ള ഒരു സ്വയംഭരണ സ്ഥാപനമാണ്.

(ബി) ഈ സ്ഥാപനം രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയിലാണ് എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) അനുബന്ധം ആയി ചേർത്തിരിക്കുന്നു.†

(ഡി, ഇ ആന്റ് എഫ്) ഈ സ്ഥാപനത്തിന്റെ പുനരുദ്ധാരണത്തിനായി പഠനം നടത്തുവാൻ 'റിയാബ്' നെ ചുമതലപ്പെടുത്തിയിരിക്കുന്നതിനാൽ റിയാബിന്റെ പഠന റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly